പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 208

# 2008-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 208

# 2008-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

801/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 208

# 2008-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിഒമ്പതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 52 എ എന്ന വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ, (1960-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 52 എ വകുപ്പിനുപകരം താഴപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"52 എ ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെയും വെൽത്ത് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റേയും ഉത്തരവിനെതിരായ അപ്പീൽ മെമ്മോറാണ്ടത്തിൻ മേലുള്ള ഫീസ്.—52-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1961-ലെ ആദായ നികുതി ആക്റ്റിൻ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റേയോ 1957-ലെ വെൽത്ത് ടാക്സ് ആക്റ്റിൻ (1957-ലെ 27-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള വെൽത്ത് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ ഉത്തരവിനെതിരെ, ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന അപ്പീൽ മെമ്മോറാണ്ടത്തിൻമേൽ കൊടുക്കേണ്ടതായ ഫീസ് യഥാക്രമം II-ാം പട്ടികയിൽ 3-ാം അനുച്ഛേദത്തിൽ (iii)-ാം ഇനത്തിന്റെ (സി)യും (ഡി)യും ഉപ ഇനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിലായിരിക്കുന്നതാണ്.

3. 69 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 69-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"69 എ. സിവിൽ നടപടി നിയമസംഹിതയിലെ 89-ാം വകുപ്പിൻകീഴിൽ, കോടതിക്ക് പുറത്ത് തർക്കങ്ങൾ തീർപ്പാക്കുന്നതിന് കോടതി നിർദ്ദേശം നൽകുന്ന സംഗതിയിൽ ഫീസ് തിരികെ നൽകൽ.—1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) 89-ാം വകുപ്പ് പ്രകാരം ഒരു വ്യവഹാരം ആർബിട്രേഷൻ, അനുരഞ്ജനം, മാധ്യസ്ഥത മുഖേനയും ലോകഅദാലത്ത് മുഖേനയുള്ള തീർപ്പാക്കൽ ഉൾപ്പെടെയുള്ള ജുഡീഷ്യൽ സെറ്റിൽമെന്റിന് കോടതി റഫർ ചെയ്യുന്ന സംഗതിയിൽ, ആ അന്യായത്തിന്മേൽ കെട്ടിവച്ച മുഴുവൻ ഫീസും ആരാണോ കെട്ടിവച്ചത് ആ കക്ഷിക്ക് നൽകാൻ കോടതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. II-ാം പട്ടികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ II-ാം പട്ടികയിൽ,—

(1) അനുച്ഛേദം 3-ൽ (iii)-ാം ഇനത്തിലെ (സി) ഉപ ഇനത്തിൽ,—

(എ) (2)-ാം കോളത്തിലെ "1957-ലെ വെൽത്ത് ടാക്സ് ആക്റ്റ് പ്രകാരമോ" എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളയേണ്ടതാണ്;

(ബി) (2)-ാം കോളത്തിലെ (ഡി) ഖണ്ഡത്തിനെതിരെയുള്ള (3)-ാം കോളത്തിലെ "അഞ്ഞൂറ് രൂപ" എന്നവാക്കുകൾക്ക് പകരം "കുറഞ്ഞത് അഞ്ഞൂറ് രൂപയ്ക്ക് വിധേയമായി ആവശ്യപ്പെടുന്ന നിവൃത്തിയുടെ പത്ത് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(സി) (2)-ാം കോളത്തിലെ (സി) ഉപ ഇനത്തിലും അതിനെതിരെ (3)-ാം കോളത്തിലെ ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ഉപ ഇനവും ഉൾക്കുറിപ്പുകളും യഥാക്രമം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) 1957-ലെ വെൽത്ത് ടാക്സ് ആക്റ്റിൻകീഴിലുള്ള അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരു ഉത്തരവിൽ നിന്നുള്ള,—

| | | |
|---|---|---|
| (എ) | അപ്പീലുമായി ബന്ധപ്പെട്ട കേസിൽ, അസസ്സിംഗ് ഉദ്യോഗസ്ഥൻ തിട്ടപ്പെടുത്തിയ അസസ്സിയുടെ അറ്റ സ്വത്ത് ഒരു ലക്ഷം രൂപയോ അതിൽ കുറവോ ആകുന്നിടത്ത്. | അഞ്ഞൂറ് രൂപ |
| (ബി) | അപ്രകാരമുള്ള അറ്റ സ്വത്ത് ഒരു ലക്ഷം രൂപയിൽ കവിയുകയും എന്നാൽ രണ്ട് ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത് | ആയിരത്തിഅഞ്ഞൂറ് രൂപ |
| (സി) | അപ്രകാരമുള്ള അറ്റ സ്വത്ത് രണ്ട് ലക്ഷം രൂപയിൽ കവിയുന്നിടത്ത് | പരമാവധി പതിനായിരം രൂപയ്ക്ക് വിധേയമായി അസസ്സ് ചെയ്ത അറ്റ സ്വത്തിന്റെ ഒരു ശതമാനം |

| | | |
|---|---|---|
| (ഡി) | ഒരു അപ്പീലിന്റെ വിഷയം, മുകളിൽ (എ) മുതൽ (സി) വരെയുള്ള ഉപ ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചതൊഴി കെയുള്ള ഏതെങ്കിലും കാര്യവു മായി ബന്ധപ്പെട്ടിരിക്കുന്നിടത്ത് | കുറഞ്ഞത് 500 രൂപയ്ക്ക് വിധേയമായി ആവശ്യപ്പെ ടുന്ന നിവൃത്തിയുടെ പത്ത് ശതമാനം |

(2) 4-ാം അനുച്ഛേദത്തിൽ, (2)-ാം കോളത്തിൽ "1940-ലെ ആർബിട്രേഷൻ ആക്റ്റിലെ 39-ാം വകുപ്പുപ്രകാരമുള്ള", എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "1993-ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്റ്റ്പ്രകാരമുള്ള", എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(3) 10-ാം അനുച്ഛേദത്തിൽ, (2)-ാം കോളത്തിലെ (ജി) ഖണ്ഡത്തിനും അതിനോട് ബന്ധപ്പെട്ട (3)-ാം കോളത്തിലെ ഉൾക്കുറിപ്പുകൾക്കും പകരം, താഴെ പറയുന്ന ഖണ്ഡവും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) ഇന്ത്യയ്ക്ക് വെളിയിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന സ്വകാര്യ രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അപേക്ഷ,—

| | | |
|---|---|---|
| (i) | രേഖയുടെ യഥാർത്ഥതയുടെ സത്യ ബോധപ്പെടുത്തൽ സംബന്ധിച്ച് | അൻപത് രൂപ |
| (ii) | നോട്ടറിയുടെ സാക്ഷ്യപ്പെടുത്തലിനു ശേഷം മേലൊപ്പ് ആവശ്യമായി ട്ടുള്ളിടത്ത് | ഇരുപത്തിയഞ്ച് രൂപ.". |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1961-ലെ ആദായ നികുതി ആക്റ്റിന്റെ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ, അല്ലെങ്കിൽ 1957-ലെ വെൽത്ത് ടാക്സ് ആക്റ്റിന്റെ (1957-ലെ 2-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള വെൽത്ത് ടാക്സ് ട്രൈബ്യൂണലിന്റെയോ, അതതുസംഗതിപോലെ, ഉത്തരവിനെതിരെ, ഹൈക്കോടതി മുൻപാകെ സമർപ്പിക്കപ്പെട്ട ഒരു അപ്പീൽ മെമ്മോറാണ്ടത്തിൽ നൽകേണ്ട ഫീസ് II-ാം പട്ടികയുടെ 3-ാം അനുച്ഛേദത്തിന്റെ (iii)-ാം ഇനത്തിലെ (സി) ഉപ ഇനത്തിൽ നിർണ്ണയിച്ചിരിക്കുന്ന നിരക്കിലായിരിക്കണമെന്ന് 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിലെ 52 എ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 52 എ വകുപ്പിനു പകരം ഒരു പുതിയ വകുപ്പ് ചേർക്കുന്നതിനും 1961-ലെ ആദായ നികുതി ആക്റ്റ് പ്രകാരമുള്ള അപ്പലേറ്റ് ട്രൈബ്യൂണലിൽ നിന്ന്, അസസ്സിംഗ് ഓഫീസർ കണക്കാക്കുന്ന ആകെ ആദായത്തിന്റെയും ആവശ്യപ്പെടുന്ന നിവൃത്തിയുടേയും അടിസ്ഥാനത്തിൽ, ഹൈക്കോടതിയിലേക്കുള്ള അപ്പീൽ മെമ്മോറാണ്ടത്തിനുള്ള ഫീസ് നിശ്ചയിക്കുന്നതിന് 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിലെ (1960-ലെ 10-ാം ആക്റ്റ്), പട്ടിക II-ലെ അനുഛേദം 3(iii) സി യും, അനുഛേദം 3 (iii) (സി) (ഡി) യും ഭേദഗതി ചെയ്യാനും, 1957-ലെ വെൽത്ത് ടാക്സ് ആക്റ്റ് പ്രകാരമുള്ള അപ്പലേറ്റ്

ട്രൈബ്യൂണലിൽ നിന്ന്, അസസ്സിംഗ് ഓഫീസർ തിട്ടപ്പെടുത്തിയ അറ്റ സ്വത്തിന്റെയും ആവശ്യപ്പെട്ട നിവൃത്തിയുടെയും അടിസ്ഥാനത്തിൽ, ഹൈക്കോടതിയിലേക്കുള്ള അപ്പീൽ മെമ്മോറാണ്ടത്തിനുള്ള ഫീസ് നിശ്ചയിക്കുന്നതിന് പ്രസ്തുത ആക്റ്റിലെ II-ാം പട്ടികയിലെ അനുഛേദം 3 (iii)-നോട് ഡി ഉപ ഇനം കൂട്ടിച്ചേർക്കാനും തീരുമാനിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി ഐ റ്റി എ നം. 18/03-ൽ ചൂണ്ടിക്കാണിച്ച സംശയങ്ങൾ നിവാരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ ഭേദഗതികൾ വരുത്തിയത്.

2. ഒരു വ്യവഹാരമോ അപ്പീലോ രാജിയാകുമ്പോഴോ അല്ലെങ്കിൽ യാതൊരു അന്വേഷണവും കൂടാതെ, കക്ഷികളുടെ സമ്മതത്തിൻമേൽ മാത്രം ഒരു വ്യവഹാരം തീർപ്പാക്കുമ്പോഴോ അന്യായത്തിൻമേലോ, അപ്പീൽ മെമ്മോറാണ്ടത്തിൻമേലോ നൽകിയ കോടതിഫീസിന്റെ പകുതി ഏതു കക്ഷികളാലാണോ അവ നൽകപ്പെട്ടത് ആ കക്ഷികൾക്ക് യഥാക്രമം കോടതി ഉത്തരവുപ്രകാരം തിരിച്ച് നൽകേണ്ടതാണെന്ന് 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിലെ 69-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 1908-ലെ ക്രമിനൽ നടപടി നിയമസംഹിതയുടെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്), 89-ാം വകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള, കോടതി കക്ഷികളോട് നിർദ്ദേശിക്കുന്ന, ഏതു തരത്തിലുള്ള ഒത്തു തീർപ്പുണ്ടാകുന്നിടത്തും കോടതി ഫീസായി അടച്ച മുഴുവൻ തുകയും തിരിച്ച് നൽകണമെന്ന് 1870-ലെ കോർട്ട് ഫീസ് ആക്റ്റിലെ (1870-ലെ 7-ാം കേന്ദ്ര ആക്റ്റ്) 16-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും, 1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിലെ നിലവിലുള്ള വ്യവസ്ഥ അന്യായത്തിൻമേലോ, അപ്പീൽ മെമ്മോറാണ്ടത്തിൻമേലോ നൽകിയ കോടതി ഫീസിന്റെ പകുതി മാത്രമേ, ഒരു വ്യവഹാരം രാജിയാകുമ്പോഴോ അല്ലെങ്കിൽ യാതൊരു അന്വേഷണവും കൂടാതെ കക്ഷികളുടെ സമ്മതത്തിൻമേൽ മാത്രം തീർപ്പാക്കുമ്പോഴോ നൽകാൻ വ്യവസ്ഥ ചെയ്യുന്നുള്ളു. 1870-ലെ കോർട്ട് ഫീസ് ആക്റ്റിലെ 16-ാം വകുപ്പും 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ് (1987-ലെ 39-ാം ആക്റ്റ്)-ലെ 21-ാം വകുപ്പു കൂട്ടിവായിച്ചത് അടിസ്ഥാനമാക്കിയാണ് കോർട്ട് ഫീസിന്റെ തിരിച്ചുനൽകൽ വർത്തിക്കുന്നത് എന്നതിനാൽ, ബഹുമാനപ്പെട്ട ഹൈക്കോടതി വാസുദേവൻ അഭി കേരള സംസ്ഥാനം [2003 (3) കെ എൽ റ്റി 670], എന്ന കേസിൽ നൽകിയ കോടതി ഫീസ് മുഴുവനും തിരിച്ചുനൽകണമെന്ന് വിധിച്ചിട്ടുണ്ട്. 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റിലെ 21-ാം വകുപ്പ് (1)-ാം ഉപ വകുപ്പ് പ്രകാരം ലോക അദാലത്തിൽ റഫർ ചെയ്യപ്പെട്ട ഒരു കേസിൽ ലോക അദാലത്തിൽ വെച്ച് രാജിയാകുകയോ ഒത്തുതീർപ്പിൽ എത്തിച്ചേരുകയോ ചെയ്യുമ്പോൾ മുഴുവൻ കോടതി ഫീസും തിരിച്ചു നൽകുന്നതിലേക്കായി 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് ഒ. ബി. അബൂബക്കർ അഭി ജില്ലാ കളക്ടർ, പാലക്കാട് [2006 (3) കെ എൽ റ്റി 670] എന്ന കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശങ്ങൾ പാലിക്കുന്നതിനുവേണ്ടി 1870-ലെ കോർട്ട് ഫീസ് ആക്റ്റിലെയും, 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റിലെയും വ്യവസ്ഥകൾക്കനുസൃതമായി മുഴുവൻ കോടതി ഫീസും തിരിച്ചുനൽകുന്നതിന് ഇതിലേക്കായി ഒരു പുതിയ വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതിനു ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

3. 1940-ലെ ആർബിട്രേഷൻ ആക്റ്റിന്റെ 39-ാം വകുപ്പുപ്രകാരമുള്ള അപ്പീൽ മെമ്മോറാണ്ടത്തിന് നൽകേണ്ടതായ കോടതി ഫീസ് തുക 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിലെ II-ാം പട്ടികയുടെ 4-ാം അനുച്ഛേദം വ്യവസ്ഥ ചെയ്യുന്നു. 1940-ലെ ആർബിട്രേഷൻ ആക്റ്റ്, 1996-ലെ ആർബിട്രേഷനും കൺസീലിയേഷനും ആക്റ്റ് (1996-ലെ 26-ാം കേന്ദ്ര ആക്റ്റ്) പ്രകാരം റദ്ദാക്കപ്പെട്ടു. ആയതിനാൽ, 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിന്റെ II-ാം പട്ടികയുടെ 4-ാം അനുച്ഛേദത്തിൽ "1940-ലെ ആർബിട്രേഷൻ ആക്റ്റ്" എന്ന വാക്കുകൾക്ക് പകരം 1996-ലെ ആർബിട്രേഷനും കൺസീലിയേഷനും ആക്റ്റ് എന്ന വാക്കുകൾ ചേർത്ത് ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്.

4. 1959-ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും ആക്റ്റിലെ II-ാം പട്ടികയിലെ 10-ാം അനുച്ഛേദത്തിലെ (ജി) ഖണ്ഡം ഇൻഡ്യയ്ക്കു വെളിയിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന സ്വകാര്യ രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി പത്തുരൂപ നിർണ്ണയിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ ഭൂരിഭാഗം രേഖകളും സാക്ഷ്യപ്പെടുത്തുന്നത് സംസ്ഥാന ആഭ്യന്തര വകുപ്പാണ്. സംസ്ഥാന ആഭ്യന്തര വകുപ്പ് സമർപ്പിച്ച ഒരു നിർദ്ദേശത്തിൽ ഇൻഡ്യയ്ക്ക് വെളിയിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന സ്വകാര്യ രേഖകളുടെ സാക്ഷ്യപ്പെടുത്തലിന് നൽകേണ്ട കോടതി ഫീസ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. രേഖകളുടെ യഥാർത്ഥതയെക്കുറിച്ചുള്ള സത്യബോധപ്പെടുത്തൽ അപേക്ഷകളുടെ കാര്യത്തിൽ കോടതി ഫീസ് നൂറ് രൂപയായി ഉയർത്തുന്നതിന് ഉദ്ദേശിക്കുകയും ഒരു നോട്ടറി സാക്ഷ്യപ്പെടുത്തിയതിനുശേഷം മേലൊപ്പ് ആവശ്യപ്പെടുന്ന അപേക്ഷയുടെ കാര്യത്തിൽ കോടതി ഫീസ് അൻപത് രൂപയായും നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുകയും ചെയ്തിരുന്നു. II-ാം പട്ടികയിലെ 10-ാം അനുച്ഛേദത്തിലെ (2)-ാം കോളത്തിന്റെ (ജി) ഖണ്ഡത്തിനും അതുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പുകൾക്കും ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും മേൽപ്പറഞ്ഞ ആവശ്യത്തിലേക്ക്, 2005-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ എന്ന പേരിൽ 11-ാം കേരള നിയമസഭയുടെ 308-ാം നമ്പർ ബിൽ ആയി ഒരു ബിൽ പ്രസിദ്ധപ്പെടുത്തുയും ചെയ്തെങ്കിലും, ആയത്, 11-ാം കേരള നിയമസഭ പിരിച്ചുവിട്ടതിനാൽ ഭരണഘടനയുടെ അനുച്ഛേദം 196 (5) പ്രകാരം ലാപ്സായി. ഇപ്പോൾ, ഇൻഡ്യയ്ക്ക് വെളിയിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന സ്വകാര്യ രേഖകളുടെ സാക്ഷ്യപ്പെടുത്തലിന്, അതിൽ രേഖകളുടെ യഥാർത്ഥതയുടെ സത്യബോധപ്പെടുത്തൽ ഉൾപ്പെടെ, ആവശ്യമുള്ള അപേക്ഷകൾക്കുവേണ്ട കോടതി ഫീസ് 10 രൂപയിൽ നിന്നും 50 രൂപയായി ഉയർത്തുവാനും, ഒരു നോട്ടറി സാക്ഷ്യപ്പെടുത്തിയശേഷം മേലൊപ്പ് ആവശ്യമാകുന്ന അപേക്ഷയിന്മേൽ 25 രൂപാ കോടതി ഫീസായി വർദ്ധിപ്പിക്കുവാനും സർക്കാർ തീരുമാനിച്ചു.

5. വർദ്ധിപ്പിച്ച നിരക്കുകൾക്ക് നിയമപരമായി സാധൂകരണം നൽകുന്നതിനുവേണ്ടി 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിന്റെ II-ാം പട്ടികയിൽ 10 (ജി) അനുച്ഛേദത്തിലെ ഉൾക്കുറിപ്പ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

6. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന ആക്റ്റിലെ 69 എ വകുപ്പ്, 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ 89-ാം വകുപ്പുപ്രകാരം ഒരു വ്യവഹാരം ആർബിട്രേഷനോ, അനുരഞ്ജനത്തിനോ, ലോക അദാലത്ത് അല്ലെങ്കിൽ മദ്ധ്യസ്ഥതയിലൂടെയുള്ള ഒത്തുതീർപ്പ് ഉൾപ്പെടെയുള്ള ജുഡീഷ്യൽ ഒത്തുതീർപ്പാക്കലിനോ കോടതി റഫർ ചെയ്യുന്ന സംഗതികളിൽ, അന്യായത്തിന്മേൽ നൽകിയ കോടതി ഫീസ് മുഴുവനും ബന്ധപ്പെട്ട കക്ഷികൾക്ക് തിരിച്ചു നൽകുവാൻ വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചെലവ് ഉണ്ടാകുന്നതാണ്. ഈ കണക്കിൽ 150 ലക്ഷം രൂപയുടെ ആവർത്തന ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

എം. വിജയകുമാർ.

(ശരിത്തർജ്ജമ)

## 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1960-ലെ 10)

** ** ** **

"52 എ ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ വെൽത്ത് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ ഉത്തരവിനെതിരായ അപ്പീൽ മെമ്മോറാണ്ടത്തിൻ മേലുള്ള ഫീസ്.—52-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ ഉത്തരവിനെതിരെ അതതുസംഗതിപോലെ, 1961-ലെ ആദായ നികുതി ആക്റ്റ് (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ 1957-ലെ വെൽത്ത് ടാക്സ് ആക്റ്റ് (1957-ലെ 27-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന അപ്പീൽ മെമ്മോറാണ്ടത്തിൻമേൽ കൊടുക്കേണ്ടതായ ഫീസ് II-ാം പട്ടികയിൽ 3-ാം അനുച്ഛേദത്തിൽ (iii)-ാം ഇനത്തിൽ (സി) ഉപ ഇനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിലായിരിക്കുന്നതാണ്.

** ** ** **

69. രാജിയാകുമ്പോഴോ അല്ലെങ്കിൽ കക്ഷിയുടെ സമ്മതത്തിന്മേലോ വ്യവഹാരം തീർപ്പാക്കുമ്പോൾ ഉള്ള റീഫണ്ട്.— ഒരു വ്യവഹാരമോ അപ്പീലോ രാജിയാകുമ്പോഴോ അല്ലെങ്കിൽ യാതൊരു അന്വേഷണവും കൂടാതെ കക്ഷികളുടെ സമ്മതത്തിന്മേൽ മാത്രം വ്യവഹാരം തീർപ്പാക്കുമ്പോഴോ അന്യായത്തിന്മേലോ അപ്പീൽ മെമ്മോറാണ്ടത്തിന്മേലോ നൽകിയ കോടതി ഫീസിന്റെ പകുതി ഏതു കക്ഷികളാലാണോ അവ നൽകപ്പെട്ടത് ആ കക്ഷികൾക്ക് യഥാക്രമം കോടതി ഉത്തരവ് പ്രകാരം തിരിച്ച് നൽകേണ്ടതാണ്.

എന്നാൽ 4 എ വകുപ്പനുസരിച്ചുള്ള അന്യായത്തിന്മേലുള്ള ഫീസിന്റെ തുക യുടെ പത്തിൽ ഒന്ന് അല്ലെങ്കിൽ 52-ാം വകുപ്പനുസരിച്ചുള്ള അപ്പീൽ മെമ്മോറാണ്ടത്തി ന്മേലുള്ള ഫീസിന്റെ തുകയുടെ മൂന്നിൽ ഒന്ന് മാത്രം കക്ഷികൾ നൽകിയിട്ടുള്ളിടത്ത് യാതൊരു റീഫണ്ടും ഉത്തരവാകാൻ പാടുള്ളതല്ല.

** ** ** **

### പട്ടിക II

1. ** ** **
2. ** ** **

3. 1908-ലെ സിവിൽ നിയമസംഹിതയുടെ 47-ാം വകുപ്പോ 144-ാം വകുപ്പോ പ്രകാരമുള്ള ഏതെങ്കിലും പ്രശ്നം തീരുമാനിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ഉൾപ്പെടെയുള്ള ഉത്തരവിൽ നിന്നുള്ള അപ്പീൽ മെമ്മോറാണ്ടവും മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും,—

| | | |
|---|---|---|
| (i) | ഹൈക്കോടതി ഒഴികെയുള്ള ഏതെങ്കിലും കോടതിയിലോ അഥവാ റവന്യൂ ബോർഡിനോ മുഖ്യകാര്യ നിർവ്വഹണ അധികാര സ്ഥാനത്തിനോ ഏതെങ്കിലും കാര്യനിർവ്വഹണ ഉദ്യോഗസ്ഥനോ സമർപ്പിക്കുമ്പോൾ | പത്ത് രൂപ |
| (ii) | ** ** | ** |
| (iii) | ഹൈക്കോടതിക്ക് സമർപ്പിക്കുമ്പോൾ— | |

(എ) 1958-ലെ കേരള കർഷക ഋണാശ്വാസ ആക്റ്റ് പ്രകാരമുള്ള ഒരു ഉത്തരവിൽ നിന്നല്ലാത്ത ഉത്തരവിൽ നിന്ന്:

(1) ഒരു കീഴ് കോടതിയോ മറ്റ് അധികാരസ്ഥാനമോ ആയ ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത്,—

| | | |
|---|---|---|
| (എ) | ഉത്തരവ് ഒരു അന്യായമോ നടപടിയോ സംബന്ധിച്ചുള്ളതും ഉത്തരവിന്റെ മൂല്യം ആയിരം രൂപ കവിയുകയും ചെയ്യുകയാണെങ്കിൽ | ഇരുപത്തിഅഞ്ച് രൂപ |
| (ബി) | മറ്റേതെങ്കിലും സംഗതിയിൽ | പത്ത് രൂപ |
| (2) | അപ്പീൽ 1958-ലെ കേരള ഹൈക്കോടതി ആക്റ്റിലെ 5-ാം വകുപ്പുപ്രകാരം ആയിരിക്കുന്നിടത്ത് | പത്ത് രൂപ |
| (എ) | അപ്പീൽ അധികകാരിത വിനിയോഗിച്ച് പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിൽ നിന്നാകുമ്പോൾ | ഇരുപത്തിഅഞ്ച് രൂപ |
| (ബി) | ആദ്യാധികാരിതവിനിയോഗിച്ച് പാസാക്കിയിട്ടുള്ളതും ഒരു കീഴ്ക്കോടതി പാസ്സാക്കിയിരുന്നുവെങ്കിൽ 1908-ലെ സിവിൽ നടപടി നിയമ സംഹിത പ്രകാരം അപ്പീൽ നൽകാവുന്നതുമായ ഒരു ഉത്തരവിൽ നിന്നാകുമ്പോൾ | ഇരുപത്തിഅഞ്ച് രൂപ |

| | |
|---|---|
| (സി) മറ്റേതെങ്കിലും സംഗതിയിൽ | ഓരോ അപ്പീൽ വാദിക്കും ഇരുനൂറു രൂപ വീതം |
| (3) അപ്പീൽ, 1949-ലെ ബാങ്കിംഗ് കമ്പനീസ് ആക്റ്റിന്റെ 45 ബി വകുപ്പ് പ്രകാരമുള്ളതാകുമ്പോൾ | ഇരുനൂറ്റി അൻപത് രൂപ |
| (4) അപ്പീൽ, 1898-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 411 എ വകുപ്പ് പ്രകാരമുള്ളതാകുമ്പോൾ | പത്ത് രൂപ |
| (ബി) 1958-ലെ കേരള കർഷക ഋണാശ്വാസ ആക്റ്റ് പ്രകാരമുള്ള ഒരു ഉത്തരവിന് | അഞ്ച് രൂപ |
| (സി) 1961-ലെ ആദായ നികുതി ആക്റ്റ് പ്രകാരമോ 1957-ലെ വെൽത്ത് ടാക്സ് ആക്റ്റ് പ്രകാരമോ ഉള്ള അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഒരു ഉത്തരവിൽ നിന്നുള്ള,— | |
| (എ) അപ്പീലുമായി ബന്ധപ്പെട്ട കേസിൽ, അസസ്സിംഗ് ഉദ്യോഗസ്ഥൻ തിട്ടപ്പെടുത്തിയ അസസ്സിയുടെ മൊത്ത വരുമാനം ഒരു ലക്ഷം രൂപയോ അതിൽ കുറവോ ആകുന്നിടത്ത് | അഞ്ഞൂറ് രൂപ |
| (ബി) അപ്രകാരമുള്ള വരുമാനം ഒരു ലക്ഷം രൂപയിൽ കവിയുകയും എന്നാൽ രണ്ട് ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത് | ആയിരത്തിഅഞ്ഞൂറ് രൂപ |
| (സി) അപ്രകാരമുള്ള വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയുന്നിടത്ത് | പരമാവധി പതിനായിരം രൂപയ്ക്ക് വിധേയമായി, അസസ്സ് ചെയ്ത വരുമാനത്തിന്റെ ഒരു ശതമാനം |
| (ഡി) അപ്പീലിന്റെ വിഷയം മുകളിൽ (എ) മുതൽ (സി) വരെയുള്ള ഉപഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചതൊഴികെയുള്ള ഏതെങ്കിലും കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്നിടത്ത് | അഞ്ഞൂറ് രൂപ |
| (iv) മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ കോർട്ട് ഫീസ് ചുമത്തേണ്ടാത്ത അപ്പീൽ നിയമദത്താവകാശമനുസരിച്ച് സർക്കാരിന് സമർപ്പിക്കുമ്പോൾ | ഇരുപത്തിഅഞ്ച് രൂപ |

4. 1940-ലെ ആർബിട്രേഷൻ ആക്റ്റിലെ 39-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽ മെമ്മോറാണ്ടം—

| | | |
|---|---|---|
| (i) | അധികാരിതയുടെ മൂല്യം 15,000 രൂപയിൽ കവിയാത്ത ഒരു കേസിൽ ഒരു മുൻസിഫ് കോടതിയോ മേൽ കോടതിയോ പുറപ്പെടുവിച്ച ഉത്തരവിൻ നിന്നുള്ള അപ്പീലിന്; | അൻപത് രൂപ |
| (ii) | മറ്റു സംഗതികളിൽ വിഷയത്തിന്റെ തുകയോ മൂല്യമോ— | |
| (എ) | ഒരു ലക്ഷം രൂപയിൽ കവിയാതിരിക്കുന്നിടത്ത് ഒരു ലക്ഷം രൂപവരെയുള്ള ഓരോ നൂറ് രൂപയ്ക്കും അതിന്റെ ഭാഗത്തിനും | രണ്ടു രൂപ |
| (ബി) | ഒരു ലക്ഷം രൂപയിൽ കവിയുകയും, അഞ്ച് ലക്ഷം രൂപവരെയും ഒരു ലക്ഷം രൂപയിൽ കവിഞ്ഞുള്ള ഓരോ നൂറ് രൂപയ്ക്കും അതിന്റെ ഭാഗത്തിനും | നാലു രൂപ |
| (സി) | അഞ്ച് ലക്ഷം രൂപയിൽ കവിയുന്നിടത്ത്, അഞ്ച് ലക്ഷം രൂപയിൽ കവിഞ്ഞുള്ള ഓരോ നൂറ് രൂപയ്ക്കും അതിന്റെ ഭാഗത്തിനും | ഒരു രൂപ |

** ** **
**

| | | |
|---|---|---|
| 10. (എ) | സർക്കാരുമായി നേരിട്ടുള്ള ഇടപാട് പ്രകാരം ഭൂമി കൈവശം വയ്ക്കുന്ന ഏതെങ്കിലും ആൾ ഏതെങ്കിലും ഭൂനികുതി ഉദ്യോഗസ്ഥന് അപേക്ഷയോ ഹർജ്ജിയോ സമർപ്പിക്കുകയും അപേക്ഷയുടെ അല്ലെങ്കിൽ ഹർജ്ജിയുടെ വിഷയം അങ്ങനെയുള്ള ഇടപാടിനോട് മാത്രം ബന്ധപ്പെട്ടിട്ടുള്ളതും ആയിരിക്കുകയാണെങ്കിൽ | രണ്ടു രൂപ |
| (ബി) | 'ദർഘാസ്റ്റ്'-ൻമേൽ ഭൂമി അനുവദിച്ച് നൽകുന്നതുമായോ ഭൂമി പതിച്ചുനൽകുന്നതുമായോ ബന്ധപ്പെട്ട് ഏതെങ്കിലും ഭൂനികുതി ഉദ്യോഗസ്ഥന് സമർപ്പിക്കുന്ന അപേക്ഷ അല്ലെങ്കിൽ ഹർജ്ജി | രണ്ടു രൂപ |

| | | |
|---|---|---|
| (സി) | കാർഷിക അല്ലെങ്കിൽ കാർഷികേതര ആവശ്യങ്ങൾക്കായി ഭൂമിയുടെ പാട്ടത്തിനു വേണ്ടി കളക്ടർക്കുള്ള അപേക്ഷ | അഞ്ച് രൂപ |
| (ഡി) | തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും ആക്റ്റ് പ്രകാരം ഏതെങ്കിലും സ്ഥലത്തിന്റെ സംരക്ഷണത്തിനോ വികസനത്തിനോ വേണ്ടി ഏതെങ്കിലും നിർവ്വാഹക ഉദ്യോഗസ്ഥന് നൽകുന്ന അപേക്ഷയോ ഹർജ്ജിയോ, പ്രസ്തുത അപേക്ഷയോ ഹർജ്ജിയോ, അങ്ങനെയുള്ള സംരക്ഷണവും വികസനവുമായി മാത്രം ബന്ധപ്പെട്ടിരിക്കുകയാണെങ്കിൽ | അഞ്ച് രൂപ |
| (ഇ) | ഏതെങ്കിലും ബോർഡിനോ അല്ലെങ്കിൽ നിർവ്വാഹക ഉദ്യോഗസ്ഥനോ, അങ്ങനെയുള്ള ബോർഡോ ഉദ്യോഗസ്ഥനോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന്റെയോ അല്ലെങ്കിൽ അങ്ങനെയുള്ള ഓഫീസിലെ റിക്കാർഡിലുള്ള മറ്റേതെങ്കിലും പ്രമാണത്തിന്റെ പകർപ്പിനോ തർജ്ജമയ്ക്കോ വേണ്ടി സമർപ്പിക്കുന്ന അപേക്ഷയോ ഹർജിയോ | അഞ്ച് രൂപ |
| (എഫ്) | പാട്ടത്തിന്റെ കാലാവധി നീട്ടി കിട്ടുന്നതിന് ഒരു ഫോറസ്റ്റ് കോൺട്രാക്ടർ ഒരു ഫോറസ്റ്റ് ഓഫീസർക്ക് നൽകുന്ന അപേക്ഷ— | |
| (i) | പാട്ടത്തിന്റെ സംഗതിയുടെ മൂല്യം ഇരുപത്തയ്യായിരം രൂപയോ അതിൽ കുറവോ ആണെങ്കിൽ; | നൂറ് രൂപ |
| (ii) | അങ്ങനെയുള്ള മൂല്യം ഇരുപത്തയ്യായിരം രൂപയിൽ കവിയുമ്പോൾ ഇരുപത്തയ്യായിരം രൂപയിൽ കവിഞ്ഞുള്ള ഓരോ ആയിരം രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും | ഇരുപത് രൂപ |
| (ജി) | ഇൻഡ്യയ്ക്കുവെളിയിൽ ഉപയോഗിക്കുവാനുദ്ദേശിക്കുന്ന സ്വകാര്യരേഖകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അപേക്ഷ | പത്ത് രൂപ |

(എച്ച്) ** ** **

** ** ** **